Page 1 of 2

(സി) ഇവർക്ക് എന്തൊക്കെ സഹായങ്ങളാണ് ലഭ്യമാക്കിയിട്ടുള്ളതെന്നറിയിക്കാമോ;

&

(ഡി) കോവിഡ് ബാധിച്ച് മാതാപിതാക്കളിൽ ആരെങ്കിലും ഒരാൾ നഷ്ടപ്പെട്ട കുട്ടികൾക്കും സഹായം ലഭ്യമാക്കുമോ?

ധനസഹായം നൽകുന്നതുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവിന്റെ പകർപ്പ് അനുബന്ധം -I* ആയി വച്ചിട്ടുണ്ട്.

കോവിഡ് ബാധിച്ച് മരണപ്പെട്ടവരുടെ കണക്കുകൾ

230 (1596) ശ്രീ. പി. ഉബൈദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കോവിഡ് ബാധിച്ച് മരണപ്പെട്ടവരുടെ വിശദമായ കണക്കുകൾ ലഭ്യമാക്കുമോ?

കേരളത്തിൽ 2021 ജൂലൈ 21 വരെ 15617 കോവിഡ് മരണങ്ങളാണ് സ്ഥിരീകരിച്ചിട്ടുള്ളത്. കോവിഡ് മരണങ്ങളുടെ ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ അനുബന്ധമായി* ചേർക്കുന്നു.

(ബി) മരണപ്പെട്ടവരുടെ ആശ്രിതർക്ക് നഷ്ടപരിഹാരം നൽകുന്ന കാര്യത്തിൽ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ?

കോവിഡ് ബാധിച്ച് മരണപ്പെട്ട വ്യക്തികൾക്ക് നഷ്ടപരിഹാരം നൽകുന്നതുമായി ബന്ധപ്പെട്ട് കേന്ദ്രസർക്കാരിൽനിന്നും നിർദ്ദേശം ഇതുവരെ ആരോഗ്യ വകുപ്പിന് ലഭിച്ചിട്ടില്ല. നിർദ്ദേശം ലഭിക്കുന്ന മുറയ്ക്ക് ആയത് പരിശോധിക്കുന്നതാണ്.

സ്വകാര്യ ആശുപത്രികളിലെ കോവിഡ് ചികിത്സാ നിരക്ക്

231 (1597) ശ്രീ. പി. സി. വിഷ്ണുനാഥ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ ആശുപത്രികളിലെ കോവിഡ് ചികിത്സാ നിരക്ക് ഏകീകരിക്കണമെന്ന കർശന നിർദ്ദേശം ഹൈക്കോടതി നൽകിയത് പ്രകാരം ചികിത്സാ നിരക്കുകൾ വ്യക്തമാക്കി സർക്കാർ ഉത്തരവ് ഇറക്കിയിരുന്നോ;

(ബി) പ്രസ്തുത നിർദ്ദേശത്തിന് വിരുദ്ധമായി, കോവിഡ് ചികിത്സ നടത്തുന്ന സ്വകാര്യ ആശുപത്രികളിലെ മുറിവാടക ആശുപത്രികൾക്ക് സ്വമേധയാ നിശ്ചയിക്കാമെന്ന് പിന്നീട് സർക്കാർ ഉത്തരവിറക്കിയിട്ടുണ്ടോ;

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly

(സി) എങ്കിൽ പ്രസ്തുത ഉത്തരവിന് മാനദണ്ഡമാക്കിയ സർക്കാർ നയം എന്താണെന്ന് അറിയിക്കുമോ;

&

(ഡി) സർക്കാർ നയത്തിനനുസൃതമായി അല്ല ഉത്തരവെങ്കിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കെതിരെ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ?

സർക്കാർ എംപാനൽഡ് സ്വകാര്യ ആശുപത്രികളിൽ ചികിത്സയ്ക്കായി പോകുന്ന കാസ്പ് ഗുണഭോക്താക്കൾക്കും സർക്കാർ റഫർ ചെയ്യുന്ന രോഗികൾക്കും സൗജന്യ ചികിത്സയാണ് സർക്കാർ നൽകിവരുന്നത്. എന്നാൽ സ്വകാര്യ ആശുപത്രികളിൽ നേരിട്ട് എത്തുന്ന മറ്റുള്ള കോവിഡ് രോഗികളിൽനിന്ന് സ്വകാര്യ ആശുപത്രികൾ അമിത ചികിത്സാനിരക്ക് ഈടാക്കുന്നത് തടയുന്നതിനായി ചികിത്സാനിരക്ക് നിജപ്പെടുത്തി സർക്കാർ ഉത്തരവിറക്കിയിരുന്നു. പ്രസ്തുത ഉത്തരവിൽ സ്വകാര്യ ആശുപത്രികളിലെ റൂമുകളിലെയും സ്യൂട്ട് റൂമുകളിലെയും നിരക്ക് നിജപ്പെടുത്തിയിരുന്നില്ല. കോവിഡ് ചികിത്സ നൽകുന്ന സ്വകാര്യ ആശുപത്രികളിലെ മുറിവാടക സംബന്ധിച്ച് വ്യക്തത വരുത്തുന്നതിനായി സർക്കാർ ഉത്തരവിറക്കിയിരുന്നുവെങ്കിലും ഈ ഉത്തരവ് പുനഃപരിശോധിക്കുകയും റൂമുകളുടെയും സ്യൂട്ട് റൂമുകളുടെയും കോവിഡ് ചികിത്സാ നിരക്ക് നിജപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തു.

കോവിഡ് ബാധിച്ച് ആരോഗ്യപ്രവർത്തകരുടെ മരണം

232 (1598) ശ്രീ. പി. സി. വിഷ്ണുനാഥ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കോവിഡ് ബാധിതരായി എത്ര ആരോഗ്യ പ്രവർത്തകർ മരണപ്പെട്ടുവെന്ന് അറിയിക്കുമോ?

2021 ജൂലൈ 16 വരെ 26 ആരോഗ്യ പ്രവർത്തകരാണ് കോവിഡ് ബാധിതരായി മരണപ്പെട്ടത്.

(ബി) ഒന്നാം തരംഗത്തിൽ എത്ര ആരോഗ്യപ്രവർത്തകർക്ക് ജീവൻ നഷ്ടപ്പെട്ടുവെന്ന് അറിയിക്കുമോ?

2021 മാർച്ച് 31 വരെ 11 ആരോഗ്യ പ്രവർത്തകർ കോവിഡ് ബാധിച്ച് മരണപ്പെട്ടു.

(സി) രണ്ടാം തരംഗത്തിൽ എത്ര ആരോഗ്യപ്രവർത്തകർക്ക് ജീവൻ നഷ്ടപ്പെട്ടുവെന്ന് അറിയിക്കുമോ?

രണ്ടാം തരംഗത്തിൽ 2021 ജൂലൈ 16 വരെ 15 പേരാണ് മരണപ്പെട്ടത്.

LIBRARY ARCHIVES Kerala Legislative Assembly